# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 01.09.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ആഗോളതലത്തിൽ ഏറ്റവും വലിയ അവസരങ്ങളുടെ നാടായി ഇന്ത്യ മാറുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
   **PM Narendra Modi projects India as the land of biggest opportunities globally.**

2. രാജ്യത്ത് സുസ്ഥിര ഇലക്ട്രോണിക്സ് ഘടക ആവാസവ്യവസ്ഥ സ്ഥാപിക്കുന്നതിനായി സർക്കാർ പുതിയ പദ്ധതി ആവിഷ്കരിക്കുമെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്.
   **Union Minister Ashwini Vaishnav says that the government will launch a new scheme to establish a sustainable electronics component ecosystem in the country.**

3. ഏഴാമത് ദേശീയ പോഷൺ മാസാചരണത്തിന് രാജ്യത്ത് തുടക്കമായി.
   **The 7th National Poshan Maah begins in the country.**

4. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലെ എയ്റോ ലോഞ്ച് ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.
   **CM Pinarayi Vijayan will inaugurate the Aero Lounge at Kochi International Airport today.**

5. ഗസയിൽ 6.4 ലക്ഷം കുട്ടികൾക്ക് പോളിയോ തുള്ളിമരുന്ന് വിതരണത്തിന്റെ ഭാഗമായി മൂന്ന് ദിവസത്തെ താല്ക്കാലിക വെടിനിർത്തലിന് ഇസ്രയേലും ഹമാസും തമ്മിൽ ധാരണ.
   **Israel and Hamas decides for three-day temporary ceasefire in Gaza as part of the distribution of polio vaccination to 6.4 lakh children.**

&&&&&&&&&&&&&&&&&&

## PM – ET WORLD LEADERS FORUM (INTRO)

ആഗോളതലത്തിൽ ഏറ്റവും വലിയ അവസരങ്ങളുടെ നാടായി ഇന്ത്യ മാറുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. വ്യവസായം സുഗമമാക്കൽ, പരിഷ്കാരങ്ങൾ, സുസ്ഥിരമായ നയം, ഉയർന്ന വളർച്ചാ നിരക്ക് എന്നിവയിലൂടെ ഈ നേട്ടം സാധ്യമാകുന്നുവെന്നും അദ്ദേഹം പറഞ്ഞു. എക്കണോമിക് ടൈംസ് വേൾഡ് ലീഡേഴ്സ് ഫോറത്തെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. **വിശദാംശങ്ങളിലേക്ക്.................**

(വോയിസ്)

## PM – ET WORLD LEADERS FORUM (VOICE)

നവീകരണം, പ്രകടനം, ഉയർന്ന നിലവാരമുള്ള ഉൽപ്പന്നങ്ങൾ എന്നിവയിൽ പ്രതിജ്ഞാബദ്ധരാകാൻ പ്രധാനമന്ത്രി നരേന്ദ്രമോദി നിക്ഷേപകരോട് ആവശ്യപ്പെട്ടു. ഈ വർഷം തെരഞ്ഞെടുപ്പിന് പോയ മിക്ക രാജ്യങ്ങളിലെയും ആളുകൾ മാറ്റത്തിന് വോട്ട് ചെയ്യുമ്പോൾ ഇന്ത്യക്കാർ തുടർച്ച, രാഷ്ട്രീയ സ്ഥിരത, സാമ്പത്തിക വളർച്ച എന്നിവയ്ക്കാണ് മുൻഗണന നൽകിയതെന്ന് അദ്ദേഹം പറഞ്ഞു. മധ്യവർഗമാണ് രാജ്യത്തിന്റെ പുരോഗതിയെ നയിക്കുന്നതെന്നും ശ്രീ മോദി ചൂണ്ടിക്കാട്ടി. ഹരിത ഹൈഡ്രജൻ, അർദ്ധചാലകങ്ങൾ, ആഴക്കടൽ, ബഹിരാകാശം എന്നീ മേഖലകളിലെ സംരംഭങ്ങൾക്ക് അടിവരയിട്ട്, ഇന്ത്യയെ കാത്തിരിക്കുന്ന വെല്ലുവിളികൾക്കും അവസരങ്ങൾക്കും രാജ്യത്തെ സജ്ജമാക്കാൻ തന്റെ സർക്കാർ ആഗ്രഹിക്കുന്നുവെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി. രാജ്യത്തെ ആഗോള ആരോഗ്യ-ക്ഷേമ കേന്ദ്രമാക്കി മാറ്റാനാണ് തന്റെ സർക്കാർ ശ്രമിക്കുന്നതെന്നും കഴിഞ്ഞ 10 വർഷത്തിനിടെ സർക്കാർ ഒരു ലക്ഷം മെഡിക്കൽ സീറ്റുകൾ കൂടി ചേർത്തിട്ടുണ്ടെന്നും അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 75,000 സീറ്റുകൾ കൂടി കൂട്ടിച്ചേർക്കുമെന്നും അദ്ദേഹം പറഞ്ഞു. **ലോകമെമ്പാടും ഇന്ത്യൻ നിർമ്മിത ഉൽപ്പന്നം**

ഉറപ്പാക്കുക എന്നതാണ് തന്റെ ദൃഢനിശ്ചയമെന്നും ശ്രീ മോദി വ്യക്തമാക്കി.

ന്യൂസ് ഡെസ്ക് ആകാശവാണി......

&&&&&&&&&&&&&&&&&&

## VAISHNAW-ET FORUM

രാജ്യത്ത് സുസ്ഥിര ഇലക്ട്രോണിക്സ് ഘടക ആവാസവ്യവസ്ഥ സ്ഥാപിക്കാൻ സഹായിക്കുന്നതിന് സർക്കാർ പുതിയ പദ്ധതി ആവിഷ്കരിക്കുമെന്ന് കേന്ദ്ര ഇലക്ട്രോണിക്സ്, ഐ.ടി മന്ത്രി അശ്വിനി വൈഷ്ണവ്. ഇന്ത്യയിൽ ഉപയോഗിക്കുന്ന മൊബൈൽ ഫോണുകളിൽ 99 ശതമാനവും ആഭ്യന്തരമായി നിർമ്മിക്കുന്നവയാണെന്ന് ന്യൂഡൽഹിയിൽ ഇ ടി വേൾഡ് ലീഡർ ഫോറത്തെ അഭിസംബോധന ചെയ്യവെ ശ്രീ വൈഷ്ണവ് വ്യക്തമാക്കി. ഈ വർഷം ആപ്പിൾ തങ്ങളുടെ ഏറ്റവും പുതിയ മോഡൽ ഇന്ത്യയിൽ നിർമ്മിക്കുമെന്ന് അദ്ദേഹം പറഞ്ഞു. രാജ്യത്തെ ഇലക്ട്രോണിക്സ് നിർമ്മാണത്തിന്റെ മൂല്യം 105 ബില്യൺ ഡോളറായി ഉയർന്നതായി കേന്ദ്രമന്ത്രി അറിയിച്ചു. മൂന്നാം മോദി സർക്കാർ ഈ വർഷം ജൂൺ മുതൽ രണ്ട് ട്രില്യൺ ഡോളറിന്റെ റെയിൽ, റോഡ്, വിമാനത്താവള, തുറമുഖ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്നും ശ്രീ അശ്വിനി വൈഷ്ണവ് വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## REV. BIOE3-LAUNCH

പരിസ്ഥിതി, സമ്പദ് വ്യവസ്ഥ, തൊഴിൽ എന്നിവയ്ക്കായുള്ള ജൈവസാങ്കേതിക വിദ്യ- ബയോ ഇ-3 നയം 2024 കേന്ദ്ര മന്ത്രി ജിതേന്ദ്ര സിംഗ് ഇന്നലെ ന്യൂഡൽഹിയിൽ പ്രകാശനം ചെയ്തു. ഈ നയം രാജ്യത്ത് ഉയർന്ന പ്രവർത്തനക്ഷമതയുള്ള ജൈവ ഉൽപ്പാദനത്തെ പ്രോത്സാഹിപ്പിക്കുമെന്ന് ഡോ. സിംഗ്

പറഞ്ഞു. ഭക്ഷണം, ഊർജം, ആരോഗ്യം തുടങ്ങി വിവിധ മേഖലകളിൽ ഇത് കാര്യമായ സ്വാധീനം ചെലുത്തുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ജൈവ ഉൽപ്പാദനം രാജ്യത്തിന്റെ ഭാവി സമ്പദ്‌വ്യവസ്ഥയെ ത്വരിതപ്പെടുത്തുമെന്നും ഹരിത വളർച്ചയെ പ്രോത്സാഹിപ്പിക്കുമെന്നും കേന്ദ്രമന്ത്രി കൂട്ടിച്ചേർത്തു. ഓഗസ്റ്റ് 24-ന് ബയോ ഇ-3 നയത്തിന് കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകിയിരുന്നു.

&&&&&&&&&&&&&&&&&&

## DIGITAL BHARAT NIDHI- NOTIFICATION

'ഡിജിറ്റൽ ഭാരത് നിധി' എന്നറിയപ്പെടുന്ന ടെലികോം നിയമം- 2023 പ്രകാരമുള്ള ആദ്യ ഘട്ട നിയമങ്ങൾ നിലവിൽ വന്നു. ഇത് സംബന്ധിച്ച വിജ്ഞാപനം സർക്കാർ പുറപ്പെടുവിച്ചു. ഡിജിറ്റൽ ഭാരത് നിധി പഴയ യൂണിവേഴ്സൽ സർവീസ് ഒബ്ലിഗേഷൻ ഫണ്ടിന് പകരമാകും. സമൂഹത്തിലെ താഴെത്തട്ടിലുള്ളവർക്ക് ടെലികമ്മ്യൂണിക്കേഷൻ സേവനങ്ങളിലേക്ക് പ്രവേശനം ലക്ഷ്യമിട്ടുള്ള പദ്ധതികൾക്ക് ഡിജിറ്റൽ ഭാരത് നിധി ധനസഹായം നൽകുമെന്ന് വിജ്ഞാപനത്തിൽ പരാമർശിക്കുന്നു. ഇതിൽ സ്ത്രീകളും ഭിന്നശേഷിക്കാരും സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളും ഉൾപ്പെടുന്നു.

&&&&&&&&&&&&&&&&&&

## JPC – MUSLIM SCHOLARS

മുസ്ലീം പണ്ഡിതന്മാരും മതനേതാക്കളും അടങ്ങുന്ന പ്രതിനിധി സംഘം കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രി കിരൺ റിജിജു, പാർലമെന്റ് സംയുക്ത സമിതി ചെയർപേഴ്സൺ ജഗദംബിക പാൽ എന്നിവരുമായി കൂടിക്കാഴ്ച നടത്തി. 2024 ലെ വഖഫ് (ഭേദഗതി) ബില്ലിലെ നിർദ്ദേശങ്ങൾക്ക് പിന്തുണ നൽകുന്നതാണ് പ്രതിനിധി

സംഘത്തിൻറെ സന്ദർശനം. ഓൾ ഇന്ത്യ സൂഫി സജ്ജദാൻഷിൻ കൗൺസിൽ ചെയർമാനും അജ്മീർ ദർഗയുടെ ആത്മീയ നേതാവുമായ നസീറുദ്ദീൻ ചിഷ്ലിയാണ് പ്രതിനിധി സംഘത്തെ നയിച്ചത്. ലോക്സഭയിൽ നിന്ന് 21 ഉം രാജ്യസഭയിൽ നിന്ന് 10 ഉം ഉൾപ്പെടെ 31 എം.പിമാരാണ് പാർലമെൻറ് സംയുക്ത സമിതിയിൽ ഉൾപ്പെടുന്നത്.

&&&&&&&&&&&&&&&&&&

## JK – SECURITY

ജമ്മുകശ്മീരിൽ നിയമസഭാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് സുരക്ഷാ സംവിധാനങ്ങൾ ശക്തമാക്കി. സമാധാനപൂർണമായ തിരഞ്ഞെടുപ്പിനാവശ്യമായ സുരക്ഷാ നടപടികൾ പുരോഗമിക്കുന്നതായി ജമ്മു എഡിജിപി ആനന്ദ് ജെയിൻ അറിയിച്ചു. തിരഞ്ഞെടുപ്പ് സമയത്ത് ജാഗ്രത കൈവെടിയരുതെന്നും സുതാര്യവും സുരക്ഷിതവും സമാധാനപൂർണവുമായ തിരഞ്ഞെടുപ്പ് ഉറപ്പാക്കണമെന്ന് അദ്ദേഹം ഉദ്യോഗസ്ഥരോട് നിർദ്ദേശിച്ചു.

&&&&&&&&&&&&&&&&&&

## POSHAN MAAH

ഒരു മാസം നീണ്ടു നിൽക്കുന്ന പോഷൻ മാസാചരണത്തിന് രാജ്യത്ത് തുടക്കമായി. 7-ാമത് ദേശീയ പോഷൺ മാസാചരണത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം ഇന്നലെ ഗുജറാത്തിലെ ഗാന്ധിനഗറിൽ കേന്ദ്ര വനിതാ ശിശുവികസന മന്ത്രി അന്നപൂർണാ ദേവി നിർവഹിച്ചു. വിളർച്ച, വളർച്ചാ നിരീക്ഷണം, പോഷകാഹാരം, പോഷണവും പഠനവും, മെച്ചപ്പെട്ട ഭരണത്തിനുള്ള സാങ്കേതികവിദ്യ, ഏക് പേട് മാ കേ നാം എന്നീ വിഷയങ്ങളിൽ ഇത്തവണത്തെ പോഷൺ മാസാചരണം ശ്രദ്ധ കേന്ദ്രീകരിക്കും. രാജ്യത്തുടനീളമുള്ള കുട്ടികൾ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന

അമ്മമാർ എന്നിവർക്കിടയിലെ പോഷകാഹാരക്കുറവിനെതിരെ പോരാടുന്നതിന് വനിതാ ശിശു വികസന മന്ത്രാലയം മിഷൻ പോഷൻ 2.0 വഴി പ്രതിജ്ഞാബദ്ധമാണ്. പോഷകാഹാരക്കുറവിനെ ചെറുക്കുന്നതിനും രാജ്യത്തുടനീളമുള്ള സമഗ്രമായ ക്ഷേമം പ്രോത്സാഹിപ്പിക്കുന്നതിനുമാണ് സെപ്റ്റംബർ ഒന്നു മുതൽ 30 വരെ ദേശീയ പോഷൻ മാസമായി ആചരിക്കുന്നത്. ദേശീയ പോഷൺ വാരാചാരണത്തിനും ഇന്ന് തുടക്കമായി.

&&&&&&&&&&&&&&&&&&

## KOCHI TERMINAL – CM

കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലെ രണ്ടാം ടെർമിനലിൽ നിർമ്മാണം പൂർത്തിയാക്കിയ 0484- എയ്റോ ലോഞ്ച് ഇന്ന് വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. തുടർന്ന് നടക്കുന്ന സിയാൽ ഡയറക്ടർ ബോർഡ് യോഗത്തിലും മുഖ്യമന്ത്രി പങ്കെടുക്കും. മിതമായ നിരക്കിൽ മണിക്കൂർ അടിസ്ഥാനത്തിൽ യാത്രക്കാർക്കും അല്ലാത്തവർക്കും വിമാനത്താവള ലോഞ്ച് സൗകര്യം ഉപയോഗപ്പെടുത്താനാകുമെന്ന് സിയാൽ അറിയിച്ചു. 50,000 ചതുരശ്രയടി വിസ്തീർണത്തിൽ നാല്പതോളം മുറികൾ, 2 കോൺഫറൻസ് ഹാളുകൾ, ജിം, ലൈബ്രറി, തുടങ്ങിയ സൗകര്യങ്ങൾ ലോഞ്ചിൽ ഒരുക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## UAE – VISA AMNESTY PROGRAM

വീസാ കാലാവധി കഴിഞ്ഞവർക്കുള്ള രണ്ട് മാസത്തെ പൊതുമാപ്പ് പരിപാടിക്ക് യു.എ.ഇ യിൽ ഇന്ന് തുടക്കം. രാജ്യത്ത് അനധികൃതമായി താമസിക്കുന്നവർക്ക് താമസം നിയമവിധേയമാക്കാനോ പിഴകളില്ലാതെ സ്വദേശത്തേക്ക്

തിരിച്ചുപോകാനോ ഈ പരിപാടിയിലൂടെ കഴിയും. ഇന്ന് പ്രാബല്യത്തിൽ വരുന്ന പരിപാടി അടുത്തമാസം 30 വരെ തുടരും. വിനോദസഞ്ചാരം, താമസം ഉൾപ്പെടെ എല്ലാത്തരം വീസകളുടേയും കാലാവധി കഴിഞ്ഞവർക്ക്, പരിപാടിയിലൂടെ യു.എ.ഇ യിൽ നിയമപരമായി ജീവിക്കാനും ജോലി ചെയ്യാനും ഉള്ള നടപടികൾ സ്വീകരിക്കാനോ പിഴയോ പ്രവേശന വിലക്കുകളോ നേരിടാതെ രാജ്യം വിടാനോ കഴിയും.

&&&&&&&&&&&&&&&&&&

## ISRAEL - HAMAS

ഗസയിൽ മൂന്ന് ദിവസത്തെ താല്കാലിക വെടിനിർത്തലിന് ഇസ്രയേലും ഹമാസും തമ്മിൽ ധാരണയിലെത്തി. 10 വയസിന് താഴെയുള്ള 6.4 ലക്ഷം കുട്ടികൾക്ക് പോളിയോ തുള്ളിമരുന്ന് വിതരണം ചെയ്യുന്നതിൻറെ ഭാഗമായാണ് താൽകാലിക വെടിനിർത്തലിന് ധാരണയായതെന്ന് ലോകാരോഗ്യ സംഘടന വക്താവ് അറിയിച്ചു. 25 വർഷത്തിന് ശേഷം 10 മാസം പ്രായമുള്ള കുട്ടിക്ക് പോളിയോ ബാധ റിപ്പോർട്ട് ചെയ്ത പശ്ചാത്തലത്തിലാണ് പോളിയോ തുള്ളിമരുന്ന് വിതരണം ചെയ്യാൻ തീരുമാനിച്ചത്. ഇന്ന് മുതൽ ബുധനാഴ്ച വരെയാണ് തുള്ളിമരുന്ന് വിതരണം ചെയ്യുക.

&&&&&&&&&&&&&&&&&&

## PARALYMPICS

പാരിസ് പാരാലിമ്പിക്സിൽ ഇന്ത്യയുടെ മെഡൽ പ്രതീക്ഷയുമായി പുരുഷ വിഭാഗം ഷോട്ട്പുട്ട് ഫൈനലിൽ രവി രംഗോലി, പുരുഷന്മാരുടെ ഹൈ ജമ്പിൽ നിഷാദ് കുമാർ എന്നിവർ ഇന്ന് മത്സരിക്കും. അമ്പെയ്ത്തിൽ പുരുഷന്മാരുടെ വ്യക്തിഗത കോമ്പൗണ്ട് ഇനത്തിൽ രാകേഷ് കുമാറും ഇന്ന് മത്സരിക്കും. പുരുഷന്മാരുടെ ബാഡ്മിൻറൺ സെമി മത്സരങ്ങളിൽ സുഹാസ് യതിരാജ്, സുകാന്ത് കദം എന്നിവർ മത്സരിക്കും. വനിതകളുടെ ബാഡ്മിൻറൺ മത്സരങ്ങളിലും ഇന്ത്യൻ താരങ്ങൾ ഇന്ന്

മാറ്റുരയ്ക്കും. ഷൂട്ടിങ്ങ്, അത്ലറ്റിക്സ്, തുഴച്ചിൽ, ടേബിൾ ടെന്നീസ് മത്സരങ്ങളിലും ഇന്ത്യൻ താരങ്ങൾ ഇന്ന് പങ്കെടുക്കും. ഇന്നലെ നടന്ന വനിതകളുടെ 10 മീറ്റർ എയർ പിസ്റ്റൾ എസ്എച്ച് ഒന്നിൽ റുബീന ഫ്രാൻസിസ് ഇന്ത്യയ്ക്കായി വെങ്കലം നേടിയിരുന്നു. ഇതോടെ ഇന്ത്യ ഒരു സ്വർണം, ഒരു വെള്ളി, മൂന്ന് വെങ്കലം ഉൾപ്പെടെ അഞ്ചു മെഡലുകൾ നേടിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## PREZ PM RUBINA MEDAL

പാരീസ് പാരാലിമ്പിക്സിൽ വനിതകളുടെ 10 മീറ്റർ എയർ പിസ്റ്റൾ എസ്എച്ച്-1 ഇനത്തിൽ വെങ്കലം നേടിയ റുബീന ഫ്രാൻസിസിനെ രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര കായികമന്ത്രി മൻസുഖ് മാണ്ഡവ്യ തുടങ്ങിയവർ അഭിനന്ദിച്ചു. ഷൂട്ടിംഗിലെ ഇന്ത്യയുടെ മികവുറ്റ പ്രകടനത്തിന് ആക്കം കൂട്ടുന്നതാണ് റുബീനയുടെ വിജയമെന്ന് രാഷ്ട്രപതി സമൂഹമാധ്യമത്തിൽ കുറിച്ചു. നിശ്ചയദാർഢ്യവും സ്ഥിരോത്സാഹവുമാണ് റുബീനയുടെ നേട്ടത്തിന് പിന്നിലെന്നും, രാജ്യത്തിന് ഇത് അഭിമാന നിമിഷമാണെന്നും പ്രധാനമന്ത്രി പറഞ്ഞു. റുബീന ഷൂട്ടിംഗ് റേഞ്ചിനെ, മഹത്വത്തിന്റെ വേദിയാക്കി മാറ്റിയെന്ന് ശ്രീ. മൻസുഖ് മാണ്ഡവ്യ പറഞ്ഞു.

&&&&&&&&&&&&&&&&&&

## DEAF SHOOTING CHAMPIONSHIP

ജർമ്മനിയിലെ ഹാനോവറിൽ നടന്ന ബധിര ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ മെഡൽ നേട്ടവുമായി ഇന്ത്യ. ഒരു സ്വർണവും രണ്ട് വെള്ളിയും ഒരു വെങ്കലവും ഉൾപ്പെടെ നാല് മെഡലുകളാണ് ഇന്ത്യയുടെ നേട്ടം.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&